"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പോലീസ് വകുപ്പ് - സൂപ്രണ്ട് ഓഫ് പോലീസിന്റെ എക്സ് കേഡർ തസ്തികകളിലേക്ക് നിയമിതരായ ഉദ്യോഗസ്ഥർക്ക് - സി.യു.ജി സിം കാർഡ് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആഭ്യന്തര (ഇ) വകുപ്പ്**

സ.ഉ.(സാധാ) നം.3247/2024/HOME തീയതി,തിരുവനന്തപുരം, 04-11-2024

---

പരാമർശം:- 1) 14.08.2024 ലെ സ.ഉ.(സാധാ) നം. 3649/2024/പൊ.ഭ.വ നമ്പർ ഉത്തരവ്.
2) സംസ്ഥാന പോലീസ് മേധാവിയുടെ 29.08.2024 തീയതിയിലെ സി5-154785/2024/പി.എച്ച്.ക്യൂ നമ്പർ കത്ത്.

**ഉത്തരവ്**

പരാമർശിത ഉത്തരവ് പ്രകാരം പുതിയതായി സൃഷ്ടിക്കപ്പെട്ട സൂപ്രണ്ട് ഓഫ് പോലീസിന്റെ എക്സ് കേഡർ തസ്തികകളിലേക്ക് നിയമിതരായ ഉദ്യോഗസ്ഥർക്ക് തങ്ങളുടെ ഔദ്യോഗിക ചുമതലകൾ കാര്യക്ഷമമായി നിർവ്വഹിക്കുന്നതിനായി ബി.എസ്.എൻ.എൽ പ്ലാൻ 399 ന്റെ മൂന്ന് പോസ്റ്റ് പെയ്ഡ് സി.യു.ജി സിം കാർഡുകൾ അനുവദിക്കണമെന്നു സംസ്ഥാന പോലീസ് മേധാവി പരാമർശിത കത്തു പ്രകാരം ആവശ്യപ്പെടുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സംസ്ഥാന പോലീസ് മേധാവി ലഭ്യമാക്കിയ അപേക്ഷയിലെ വിശദാംശങ്ങളുടെയും ബന്ധപ്പെട്ട രേഖകളുടെയും അടിസ്ഥാനത്തിൽ, സൂപ്രണ്ട് ഓഫ് പോലീസിന്റെ എക്സ് കേഡർ തസ്തികകളിലേക്ക് നിയമിതരായ ചുവടെപ്പറയുന്ന ഉദ്യോഗസ്ഥർക്ക് ബി.എസ്.എൻ.എൽ 'പ്ലാൻ 399' ന്റെ മൂന്ന് പോസ്റ്റ് പെയ്ഡ് സി.യു.ജി സിം കാർഡുകൾ അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

1) അഡീഷണൽ ഡയറക്ടർ ജനറൽ ഓഫ് പോലീസിന്റെ (ലോ & ഓർഡർ) അസിസ്റ്റന്റ് ഇൻസ്പെക്ടർ ജനറൽ.
2) ഡെപ്യൂട്ടി കമ്മീഷണർ ഓഫ് പോലീസ് (ലോ & ഓർഡർ-2), തിരുവനന്തപുരം സിറ്റി.
3) ഡെപ്യൂട്ടി കമ്മീഷണർ ഓഫ് പോലീസ് (ലോ & ഓർഡർ-2), കൊച്ചി സിറ്റി.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അജികുമാർ ജി
അണ്ടർ സെക്രട്ടറി

സംസ്ഥാന പോലീസ് മേധാവി, കേരളം, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം.
ധനകാര്യ വകുപ്പ് (27.10.2024 ലെ വ്യയം-എ3/480/2024/ധനം (2904063) പ്രകാരം).
ഡയറക്ടർ, ഐ&പി.ആർ.ഡി (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി).
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Jalaja Kumari M S
Date: 04-11-2024 15:45:49